# Telephone Conversation between Foreign Secretary and Secretary General, European External Action Service, European Union

November 16, 2021

---

## വിദേശകാര്യ സെക്രട്ടറിയും യൂറോപ്യൻ യൂണിയനിലെ യൂറോപ്യൻ എക്സ്റ്റർനൽ ആക്ഷൻ സർവീസ് സെക്രട്ടറി ജനറലും തമ്മിലുള്ള ടെലഫോൺ സംഭാഷണം

നവംബർ 16, 2021

1. യൂറോപ്യൻ യൂണിയന്റെ യൂറോപ്യൻ എക്സ്റ്റേണൽ ആക്ഷൻ സർവീസ് (ഇഇഎഎസ്) സെക്രട്ടറി ജനറൽ ശ്രീ സ്റ്റെഫാനോ സന്നിനോയുമായി വിദേശകാര്യ സെക്രട്ടറി ഹർഷ് വർധൻ ശ്രിംഗ്ല ടെലിഫോൺ സംഭാഷണം നടത്തി.

2. അഫ്ഗാനിസ്ഥാനിലെ വികസന പ്രവർത്തനങ്ങളോടും മുൻഗണനകളോടും ഉള്ള ഇന്ത്യയുടെയും യൂറോപ്യൻ യൂണിയന്റെയും പൊതു സമീപനങ്ങൾ അവർ ചർച്ച ചെയ്തു. അഫ്ഗാനിസ്ഥാനെ ഭീകരതയുടെ താവളമായി ഉപയോഗിക്കുന്നതിൽ നിന്ന് തടയേണ്ടതിന്റെ പ്രാധാന്യവും അഫ്ഗാനിസ്ഥാനിലെ സ്ത്രീകളുടെയും കുട്ടികളുടെയും ന്യൂനപക്ഷങ്ങളുടെയും അവകാശങ്ങളുടെ നിലയും ഇരുപക്ഷവും ഊന്നിപ്പറഞ്ഞു. അഫ്ഗാനിസ്ഥാനുമായി ബന്ധപ്പെട്ട് അടുത്തിടെ സംഘടിപ്പിച്ച ഡൽഹി റീജിയണൽ സെക്യൂരിറ്റി ഡയലോഗും അതിന്റെ ഡൽഹി പ്രഖ്യാപനവും ചർച്ച ചെയ്യപ്പെട്ടു.

3. വിദേശകാര്യ സെക്രട്ടറിയും സെക്രട്ടറി ജനറലും മ്യാൻമറിലെ സംഭവവികാസങ്ങളെക്കുറിച്ച് അഭിപ്രായങ്ങൾ കൈമാറി. ബെലാറസ്-പോളണ്ട് അതിർത്തിയിലെ നിലവിലെ സ്ഥിതിഗതികളും അവർ ചർച്ച ചെയ്തു. സ്ഥിതിഗതികൾ കൂടുതൽ വഷളാക്കാതെയിരിക്കുന്നതിന്റെ ആവശ്യകതയിൽ ഇരുപക്ഷവും ധാരണയിലെത്തി.

4. പരസ്പര താൽപ്പര്യമുള്ള വിഷയങ്ങളിൽ വിദേശകാര്യ സെക്രട്ടറിയുടെയും സെക്രട്ടറി ജനറലിന്റെയും, തങ്ങളുടെ ഉദ്യോഗസ്ഥ തലത്തിൽ കാലാനുസൃതമായ സന്ദർശനങ്ങൾ തുടരാൻ ധാരണയായി.

**ന്യൂ ഡെൽഹി**
**നവംബർ 16, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.